REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **20-09-2025** **സമയം** **06.45 AM**

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്തിൽ. ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.**
- **പൊതുജനങ്ങളിൽ നിന്ന് ഒരു വോട്ടും ആർക്കും ഓൺലൈനായി നീക്കം ചെയ്യാൻ സാധിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത്.**
- **പമ്പയിൽ ആഗോള അയ്യപ്പസംഗമം ഇന്ന്. പ്രതിനിധികളുടെ രജിസ്ട്രേഷൻ തുടങ്ങി.**
- **അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച ഒരാൾ കൂടി മരിച്ചു.**
- **മൂന്ന് മത്സരങ്ങളടങ്ങിയ ഇന്ത്യ-ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്തിൽ 'സമുദ്ര സേ സമൃദ്ധി' പരിപാടിയിൽ പങ്കെടുക്കും. ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും, തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. തുടർന്ന് നടക്കുന്ന സമ്മേളനത്തെ മോദി അഭിസംബോധന ചെയ്യും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

ഉച്ചകഴിഞ്ഞ് ലോത്തലിലെ ദേശീയ സമുദ്ര പൈതൃക സമുച്ചയം സന്ദർശിക്കുന്ന പ്രധാനമന്ത്രി, സമുദ്രമേഖലയുമായി ബന്ധപ്പെട്ട 7,870 കോടി രൂപയുടെ വിവിധ വികസനപദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്യും.

ഇന്ദിരാഡോക്കിൽ മുംബൈ അന്താരാഷ്ട്ര ക്രൂയിസ് ടെർമിനൽ മോദി ഉദ്ഘാടനം ചെയ്യും. കൊൽക്കത്തയിലെ ശ്യാമപ്രസാദ് മുഖർജി തുറമുഖത്ത് പുതിയ കണ്ടെയ്നർ ടെർമിനലും അനുബന്ധ സൗകര്യങ്ങളും, പാരദ്വീപ് തുറമുഖത്ത് പുതിയ കണ്ടെയ്നർ ബർത്തും, എന്നോറിലെ കാമരാജർ തുറമുഖത്ത് അഗ്നിശമന സൗകര്യങ്ങൾ, ആധുനിക റോഡ് കണക്ടിവിറ്റി എന്നിവയുടെ തറക്കില്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. കാണ്ട്ലയിലെ ദീൻദയാൽ തുറമുഖത്ത് മൾട്ടി പർപ്പസ് കാർഗോ ബർത്ത്, ഗ്രീൻ ബയോ മെത്തനോൾ പ്ലാന്റ്, പാട്നയിലെയും, വാരാണസിയിലെയും കപ്പൽ നന്നാക്കൽ സൗകര്യങ്ങൾ എന്നിവയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രിയുടെ ഉപഹാരങ്ങളുടെ ഇ-ലേലത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് നൂറിലധികം ഇനങ്ങൾ ഉൾപ്പെട്ടതായി കേന്ദ്ര സാംസ്കാരിക മന്ത്രാലയം അറിയിച്ചു. കേരളത്തിൽ നിന്ന് 15 ഇനങ്ങളും കർണാടകയിൽ നിന്ന് 22 ഉം, തമിഴ്നാട്ടിൽ നിന്ന് 29 ഉം, ആന്ധ്രാപ്രദേശിൽ നിന്ന് 27ഉം, തെലങ്കാനയിൽ നിന്ന് ഏഴ് ഇനങ്ങളും ലേലത്തിനായി നൽകിയിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 1,300-ൽ അധികം ഇനങ്ങളാണ് ഇത്തവണ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

pmmementos.gov.in എന്ന വെബ്സൈറ്റിൽ ഒക്ടോബർ 2 വരെയാണ് ഇ-ലേലം.

✪✪✪

പൊതുജനങ്ങളിൽ നിന്ന് ഒരു വോട്ടും ആർക്കും ഓൺലൈനായി നീക്കം ചെയ്യാൻ സാധിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. 1960-ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ നിയമമനുസരിച്ച്, വോട്ട് നീക്കം ചെയ്യുന്നതിന് മുമ്പ് നോട്ടീസ് അയച്ച് ആ വ്യക്തിയുടെ ഭാഗം കേൾക്കുമെന്നും കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു. 2023-ൽ കർണാടകയിലെ അലന്ദ് നിയമസഭാ മണ്ഡലത്തിൽ വോട്ടുകൾ നീക്കം ചെയ്യാൻ ചില ശ്രമങ്ങൾ നടന്നിരുന്നു. എന്നാൽ നീക്കം വിജയിച്ചില്ല. സംശയാസ്പദമായ സാഹചര്യം കണക്കിലെടുത്ത് തിരഞ്ഞെടുപ്പ് കമ്മീഷൻ പരിശോധിച്ച് FIR രജിസ്റ്റർ ചെയ്തതായും കമ്മീഷൻ വ്യക്തമാക്കി.

ഒരു പ്രത്യേക നിയോജകമണ്ഡലത്തിൽ നിന്ന് എൻട്രി ഇല്ലാതാക്കുന്നതിന് ആ മണ്ഡലത്തിലെ ഒരു വോർട്ടർക്ക് ഫോം ഏഴ് ഓൺലൈനായി പൂരിപ്പിക്കാമെങ്കിലും ഒരു വോട്ടും സ്വയമേവ ഇല്ലാതാക്കപ്പെടുന്നില്ലെന്നും കമ്മീഷൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത്. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാവിലെ 11 മണിക്കാണ് യോഗം. അംഗീകൃത രാഷ്ട്രീയ പാർട്ടികളാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

✪✪✪

പൊതുസേവനവും സദ്ഭരണവും ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി വരുന്ന പരിഷ്കരണ നയങ്ങൾ രാജ്യത്ത് സുപ്രധാന മാറ്റങ്ങൾക്ക് വഴി തുറക്കുന്നു.

വികസനവും പരിവർത്തനവും ഉറപ്പാക്കുന്ന പദ്ധതിയിലൂടെ രാജ്യത്തുടനീളം ഓരോ കുടുംബത്തെയും സംരക്ഷിക്കുന്നതിന് ഇൻഷൂറൻസ് പരിരക്ഷ എങ്ങനെ വിപുലീകരിച്ചുവെന്ന് ആകാശവാണിയുടെ സേവാ പർവ് പരമ്പരയിൽ വിശദീകരിക്കുന്നു.

.....(വോയ്സ് )....

എല്ലാ പൗരന്മാർക്കും ഇൻഷൂറൻസ് പരിരക്ഷ നൽകുന്നതിന് 2015 മുതൽ കേന്ദ്ര ഗവൺമെന്റ് സമഗ്രമായ പദ്ധതി നടപ്പാക്കി വരികയാണ്. സുരക്ഷിതമല്ലാത്തവരെ സുരക്ഷിതമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന എന്നിവയിലൂടെ എല്ലാവർക്കും താങ്ങാവുന്ന തരത്തിലാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, അപകട മരണമോ വൈകല്യമോ ഉണ്ടായാൽ കുറഞ്ഞ പ്രീമിയത്തിൽ രണ്ട് ലക്ഷം രൂപ വരെ പരിരക്ഷ നൽകും. ഏതെങ്കിലും കാരണത്താൽ മരണം സംഭവിച്ചാൽ കുറഞ്ഞ പ്രീമിയത്തിൽ ലൈഫ് ഇൻഷൂറൻസ് പരിരക്ഷ നൽകുന്നതിനാണ് പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമ യോജന.

ഗവൺമെന്റ് പൂർണമായും ധനസഹായം നൽകുന്ന ലോകത്തെ ഏറ്റവും വലിയ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയാണ് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന.

✪✪✪

സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന 7-ാമത് മെഷിനറി എക്സ്പോ ഇന്ന് രാവിലെ മന്ത്രി P രാജീവ് കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യും. രാവിലെ 10 മുതൽ വൈകിട്ട് ആറു വരെയാണ് പ്രവേശനം. 200 ലേറെ സ്റ്റാളുകളാണ് പ്രദർശനത്തിലുണ്ടാവുക.

കേന്ദ്ര ഗവൺമെന്ററിന്റെ PMS പദ്ധതിയുടെ പിന്തുണയോടെ സംഘടിപ്പിക്കുന്ന എക്സ്പോ ഈ മാസം 23 ന് സമാപിക്കും.

✪✪✪

ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാവർക്കും ഒരുമിച്ചു നിൽക്കാമെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു.

എലത്തൂർ നിയോജക മണ്ഡലത്തിൽ അടുത്ത മാസം നാലിന് നടത്തുന്ന പരാതി പരിഹാര അദാലത്ത് ‘കൂടെയുണ്ട്, കരുത്തായി കരുതലായി' സംഘാടകസമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നികുതി ഘടന ലളിതമാക്കുന്നതിനും പൗരന്മാരുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണങ്ങൾ മറ്റന്നാൾ നിലവിൽ വരും.

ഇലക്ട്രോണിക്സ് ഉപകരണമേഖലയിൽ വരുന്ന പരിഷ്കരണങ്ങളുടെ സാധ്യത പരിശോധിക്കാം.

....ഡെസ്ക് റിപ്പോർട്ട്...

ഇലക്ട്രോണിക്സ് വ്യവസായത്തിന് ആശ്വാസകരമായ പദ്ധതിയാണ് വരുംതലമുറ GST പരിഷ്കരണത്തിലൂടെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത്. എയർകണ്ടീഷണറുകൾ, ഡിഷ് വാഷുകൾ തുടങ്ങിയ വസ്തുക്കളുടെ നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറയും. ഈ സുപ്രധാന നടപടി പ്രാദേശികവത്കരണ ശ്രമങ്ങളെ പിന്തുണക്കുന്നതോടൊപ്പം ഇറക്കുമതി ആശ്രയത്വം കുറക്കാൻ സാധിക്കും. ടെലിവിഷൻ, ടിവി ഇതര മോണിറ്ററുകൾ എന്നിവയുടെ നികുതിയും പത്തു ശതമാനം കുറയും. നിരക്കിൽ കാര്യമായ വ്യത്യാസം വരുന്നതോടെ ഉപകരണങ്ങളുടെ ആവശ്യകത വർധിപ്പിക്കുകയും ഇത് ആഭ്യന്തര ഉൽപാദകരുടെ വിപണി വികസിപ്പിക്കാൻ സഹായിക്കുകയും ചെയ്യും.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ BJP കോർ കമ്മിറ്റി യോഗം ചർച്ച ചെയ്തതായി പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് തിരുവനന്തപുരത്ത് പറഞ്ഞു. LDF നും UDF നും എതിരായ ജനവികാരമാകും തദ്ദേശ തിരഞ്ഞെടുപ്പിൽ ഉണ്ടാകുക എന്ന് യോഗം വിലയിരുത്തിയതായി അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഗൃഹ സമ്പർക്ക പരിപാടികൾ ഈ മാസം 25 ന് ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പമ്പയിൽ ഇന്ന് ആഗോള അയ്യപ്പസംഗമം നടത്തും. പരിപാടിയുടെ രജിസ്ട്രേഷൻ രാവിലെ തുടങ്ങി. പത്ത് മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ആഗോള അയ്യപ്പ സംഗമം ഉദ്ഘാടനം ചെയ്യും. തമിഴ്നാട് മന്ത്രിമാരായ PK ശേഖർ ബാബു, പളനിവേൽ ത്യാഗരാജൻ എന്നിവർക്കൊപ്പം സംസ്ഥാന മന്ത്രിമാരും സംഗമത്തിൽ പങ്കെടുക്കും. ദേവസ്വംവകുപ്പ് സെക്രട്ടറി MG രാജമാണിക്യം സമീപനരേഖ അവതരിപ്പിക്കും.

ശബരിമല മാസ്റ്റർപ്ലാൻ, ആത്മീയ ടൂറിസം സർക്യൂട്ട്, ശബരിമലയിലെ ആൾക്കൂട്ട നിയന്ത്രണവും തയ്യാറെടുപ്പുകളും തുടങ്ങിയ വിഷയങ്ങളിൽ വിവിധ വേദികളിൽ ഒരേ സമയം ചർച്ച നടക്കും. 3,000 ത്തോളം പ്രതിനിധികൾ സംഗമത്തിൽ പങ്കെടുക്കുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചു.

അതേസമയം, സംഗമത്തിന്റെ പേരിൽ സംസ്ഥാന ഗവൺമെന്റ് രാഷ്ട്രീയം കളിക്കുകയാണെന്ന് ആരോപിച്ച് UDF ഉം BJP യും സംഗമത്തിൽ പങ്കെടുക്കില്ല.

✪✪✪

നവരാത്രി ആഘോഷങ്ങൾക്ക് വർക്കല ശിവഗിരി മഠത്തിൽ മറ്റന്നാൾ ദീപം തെളിയും. അടുത്ത മാസം 2 വരെയാണ് ആഘോഷങ്ങൾ. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും ഡൽഹി, ഹൈദരാബാദ്, കർണാടക എന്നിവിടങ്ങളിൽ നിന്നും കലാപ്രതികൾ എത്തിച്ചേരും. പുതുമുഖങ്ങളുടെ അരങ്ങേറ്റവും ഉണ്ടാവും.

✪✪✪

സംസ്ഥാനത്തെ സമുദ്ര സമ്പദ് വ്യവസ്ഥയ്ക്ക് ഉത്തേജനമേകി കേരള-യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി സമ്മേളനം സമാപിച്ചു.

കോവളത്ത്  രണ്ട് ദിവസങ്ങളിലായി നടന്ന  കോൺക്ലേവിൽ 28 നിക്ഷേപകർ 7,288 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ സമർപ്പിച്ചു. ഭാവിയിൽ സംസ്ഥാനവുമായി ബന്ധം സുഗമമാക്കുന്നതിന് കേരളത്തിൽ ഒരു പുതിയ ഏജൻസി സ്ഥാപിക്കാൻ യൂറോപ്യൻ യൂണിയൻ അഭ്യർഥിച്ചു.

സമ്മേളനം വിജയമായിരുന്നുവെന്നും, ഇത് ഇന്ത്യയുടെ മറ്റ് ഭാഗങ്ങൾക്ക് മാതൃകയായി മാറിയെന്നും സമാപന ചടങ്ങിൽ  മന്ത്രി സജി ചെറിയാൻ പറഞ്ഞു. കോൺക്ലേവിൽ കേരളത്തിൽ നിന്ന് 28 നിക്ഷേപകർ താൽപ്പര്യ പ്രഖ്യാപനത്തിൽ ഒപ്പുവെച്ചിട്ടുണ്ടെന്നും മന്ത്രി  അറിയിച്ചു.

സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര  ഗവൺമെന്റിന്റെയും യൂറോപ്യൻ യൂണിയന്റെയും സഹകരണത്തോടെ 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിലാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.

✪✪✪

ഈ വർഷത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം  രാവിലെ പത്തു മുതൽ വൈകിട്ട് നാലു വരെ തിരുവനന്തപുരം കൈറ്റ് ജില്ലാ ഓഫീസിൽ നടത്തും. ഉച്ചക്ക്  മന്ത്രി V ശിവൻകുട്ടി സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും.

ദിനാചരണത്തിന്റെ ഭാഗമായി സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ ഉബുണ്ടു, കൈറ്റിന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിൽ  പൊതുജനങ്ങൾക്ക് സൗജന്യമായി ഇൻസ്റ്റാൾ ചെയ്തു നൽകും

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച ഒരാൾ കൂടി മരിച്ചു. തൃശൂർ ചാവക്കാട് സ്വദേശി റഹീം  ആണ് മരിച്ചത്.

ഇതോടെ കോഴിക്കോട്ട്  അമീബിക് ചികിൽസയിലിരിക്കെ മരിച്ചവരുടെ എണ്ണം ഏഴായി.

നിലവിൽ ഒൻപത് പേരാണ് ചികിൽസയിലുള്ളത്.

✪✪✪

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലിവിങ് ലാബ് പദ്ധതി വിലയിരുത്തുന്നതിനായി റൂർക്കി  I.I.T യിൽ നിന്ന് വിദഗ്ധ സംഘം കണിച്ചാറിൽ എത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി  കണ്ണൂർ ജില്ലാ പ്രതിനിധി  K.O. ശശിധരൻ.

......(വോയ്സ്)....

✪✪✪

മൂന്ന് മത്സരങ്ങളടങ്ങിയ ഇന്ത്യ-ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം. നിലവിൽ ഓരോ മത്സരങ്ങൾ വിജയിച്ച രണ്ട് ടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്.

✪✪✪

ദുബൈയിൽ ഏഷ്യ കപ്പ് ട്വന്റി 20 മത്സരത്തിൽ ഇന്ത്യ ഒമാനെ 21 റൺസിന് തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 188 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ഒമാന് 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 167 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

നാളെ സൂപ്പർ ഫോറിൽ ഇന്ത്യ പാകിസ്താനെ നേരിടും. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കൊളംബോയിൽ സാഫ് അണ്ടർ 17 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ സെമിഫൈനലിൽ. ഗ്രൂപ്പ് B മത്സരത്തിൽ ഭൂട്ടാനെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശം.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT: ഫസ്ന ഫാത്തിമ*
*DEO : ഷീബ*